**കൃഷി ഡയറക്ടറുടെ നടപടിക്രമം**
**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം**
**തിരുവനന്തപുരം**
**(ഹാജർ. ഡോ.കെ.വാസുകി ഐ എ എസ്)**

വിഷയം - കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് - ജീവനക്കാര്യം - സയന്റിഫിക്ക് അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ നിന്നും സയന്റിഫിക്ക് അസിസ്റ്റന്റ് ഗ്രേഡ് I തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകി - ഉത്തരവാകുന്നു.

പരാമർശം-
1. സ.ഉ(ആർ റ്റി) 2000/89/എഡി തീയതി. 05-12-1989.
2. സ.ഉ(പി) 515/07/ഫിൻ തീയതി. 22-12-2010.
3. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 13-01-2021 ലെ എസ്.എച്ച്(2) 36738/2018 നമ്പർ ഉത്തരവ്.

**ഉത്തരവ് നം. എസ് എച്ച് (2) 2397/2020 തീയതി. 17-04-2021**

സയന്റിഫിക്ക് അസിസ്റ്റന്റ് ഗ്രേഡ് I തസ്തികയിൽ നിന്നും സീനിയർ ഗ്രേഡ് സയന്റിഫിക്ക് അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് പരാമർശം (3) പ്രകാരം ഉദ്യോഗക്കയറ്റം നൽകിയത് മുഖേന സയന്റിഫിക്ക് അസിസ്റ്റന്റ് ഗ്രേഡ് I തസ്തികയിൽ 4 ഒഴിവുകൾ ഉണ്ട്.

പരാമർശം(1) ലെ ഉത്തരവ് പ്രകാരം സയന്റിഫിക്ക് അസിസ്റ്റന്റ് ഗ്രേഡ് II, സയന്റിഫിക്ക് അസിസ്റ്റന്റ് ഗ്രേഡ് I, സീനിയർ ഗ്രേഡ് സയന്റിഫിക്ക് അസിസ്റ്റന്റ് തസ്തികകളിൽ ജോലിയുടെ സ്വഭാവത്തിൽ മാറ്റമില്ലെന്നും ആയതിനാൽ ടി തസ്തികകൾ ഇന്റർചേഞ്ചബിൾ ആണെന്നും വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ജോലിയുടെ സ്വഭാവത്തിൽ മാറ്റമില്ലാത്ത ഉദ്യോഗക്കയറ്റങ്ങൾക്ക് ഒഴിവ് നിലവിൽവന്ന തീയതി പ്രാബല്യത്തിൽ ഉദ്യോഗക്കയറ്റം നൽകാവുന്നതാണെന്നും പരാമർശം(2) പ്രകാരം ഉത്തരവായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ സയന്റിഫിക്ക് അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലെ ഏറ്റവും സീനിയറായ ചുവടെ പരാമർശിച്ചിട്ടുള്ള ജീവനക്കാർക്ക് സയന്റിഫിക്ക് അസിസ്റ്റന്റ് ഗ്രേഡ് I തസ്തികയിലേയ്ക്ക് 43400-91200 രൂപ ശമ്പള നിരക്കിൽ ഉദ്യോഗക്കയറ്റം നൽകി നിലവിൽ ജോലിചെയ്യുന്ന ആഫീസിൽ തുടരാൻ അനുവദിച്ചുകൊണ്ടും ഉത്തരവാകുന്നു.